"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ല, പട്ടാമ്പി നിയോജകമണ്ഡലത്തിലെ "കാരമണ്ണ ചെങ്ങണാംകുന്ന് തീരദേശ റോഡ് (പട്ടാമ്പി)" എന്ന പ്രവൃത്തിക്ക് പകരമായി പട്ടാമ്പി നിയോജക മണ്ഡലം, ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്തിലെ "മഞ്ഞളുങ്ങൽ - കൊണ്ടൂർക്കര - പട്ടാമ്പി റോഡ്" എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ(പി.പി)വകുപ്പ്**

സ.ഉ.(സാധാ) നം.1592/2023/LSGD തീയതി,തിരുവനന്തപുരം, 04-08-2023

---

പരാമർശം:-

1. 04.11.2020 തീയതിയിലെ സ.ഉ.(കൈ)നം.170/2020 തസ്വഭവ.
2. 10.11.2020 തീയതിയിലെ സ.ഉ.(സാധാ)നം.2245/2021/തസ്വഭവ.
3. ബഹു.പട്ടാമ്പി എം.എൽ.എയുടെ 06.02.2023 തീയതിയിലെ നം.17.2023 കത്ത്.
4. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 14.06.2023 തീയതിയിലെ No.LSGD/1817/2023-DB4 കത്ത്.

**ഉത്തരവ്**

പരാമർശം (1) പ്രകാരം 5054-80-800-66 എന്ന ശീർഷകത്തിൽ 492 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിരുന്നു. ടി പ്രവൃത്തികൾക്ക് നിർദ്ദേശിച്ചിരുന്ന 5054-80-800-66 എന്ന ശീർഷകം പരാമർശം (2) പ്രകാരം പരിഷ്കരിച്ച് പ്രസ്തുത പ്രവർത്തികളിൽ ഗ്രാമ പ്രദേശവുമായി ബന്ധപ്പെട്ടവയുടെ ചെലവ് 4515-00-800-92 Works Included in Appendix II to the Detailed Budget Estimate (Details of Public Works) എന്ന ശീർഷകത്തിൽ നിന്നും കോർപ്പറേഷൻ മുനിസിപ്പൽ പ്രദേശങ്ങളിൽ പ്രവർത്തികളുടെ ചെലവ് 4217-60-051-94- NP-V-Works Included in Appendix II to the Detailed Budget Estimate (Details of Public Works) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കാൻ അനുമതി നൽകിയിട്ടുണ്ട്.

പരാമർശം (1) പ്രകാരം ക്രമ നമ്പർ 87 ആയി പാലക്കാട് ജില്ല, പട്ടാമ്പി നിയോജകമണ്ഡലത്തിലെ "കാരമണ്ണ ചെങ്ങണാംകുന്ന് തീരദേശ റോഡ് (പട്ടാമ്പി)" എന്ന പ്രവൃത്തിക്ക് 1.50 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ടി പ്രവൃത്തിയുടെ നിർമ്മാണം ആരംഭിച്ചിട്ടില്ലെന്നും ആയതിനാൽ ടി പ്രവൃത്തിക്കായി അനുവദിച്ച തുക ഉപയോഗിച്ച് പട്ടാമ്പി നിയോജക മണ്ഡലം, ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്തിലെ മഞ്ഞളുങ്ങൽ - കൊണ്ടൂർക്കര - പട്ടാമ്പി റോഡ് എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകണമെന്നും ആവശ്യപ്പെട്ട് ബഹു.പട്ടാമ്പി എം.എൽ.എ പരാമർശം (3) പ്രകാരം കത്ത് നൽകിയിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരം 1.50 കോടി (ഒരു കോടി അൻപതുലക്ഷം രൂപ)രൂപയുടെ ഭരണാനുമതി നൽകിയ "കാരമണ്ണ ചെങ്ങണാംകുന്ന് തീരദേശ റോഡ് (പട്ടാമ്പി)" എന്ന പ്രവൃത്തി റദ്ദ് ചെയ്ത് പകരമായി ടി തുക ഉപയോഗിച്ച് പാലക്കാട് ജില്ല, പട്ടാമ്പി നിയോജകമണ്ഡലം, ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്തിലെ മഞ്ഞളുങ്ങൽ - കൊണ്ടൂർക്കര - പട്ടാമ്പി റോഡ് എന്ന പ്രവൃത്തി നിർവ്വഹിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

പകർപ്പ്
ശ്രീ. മുഹമ്മദ് മുഹ്സിൻ,എം.എൽ.എ, പട്ടാമ്പി നിയോജകമണ്ഡലം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്.
ഡയറക്ടർ (റൂറൽ), തദ്ദേശസ്വയംഭരണ വകുപ്പ്
സെക്രട്ടറി,ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ&എ) കേരള
ധനകാര്യ വകുപ്പ്
ഡയറക്ടർ, ഐ.കെ.എം. (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Manju l s
സെക്ഷൻ ഓഫീസർ
Date: 05-08-2023 10:39:12